**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:120** **25.04.2017-ൽ മറുപടിക്ക്**

## യു.എ.പി.എ. നിയമപ്രകാരം കേസ്

| ചോദ്യം<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്കെതിരെ യു.എ.പി.എ. അനുസരിച്ച് കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>ബി) ഈ വകുപ്പനുസരിച്ച് കേസ്സെടുത്ത എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; അവരിൽ എത്രപേർ ജയിൽ മോചിതരായെന്നും ഇനി എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കി ഉണ്ടെന്നും വ്യക്തമാക്കുമോ; | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 106 പേർക്കെതിരെ യു.എ.പി.എ അനുസരിച്ച് കേസ്സെടുത്തതിൽ 32 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ ജാമ്യത്തിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇനി 74 പേരെ അറസ്റ്റ് ചെയ്യാൻ ബാക്കി ഉണ്ട്. |
| (സി) യു.എ.പി.എ. പ്രകാരം കഴിഞ്ഞ സർക്കാർ എത്രപേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ അറസ്റ്റ് ചെയ്യപ്പെട്ടവരും പിടികൂടാൻ ബാക്കിയുള്ളവരും എത്രയാണെന്ന് വ്യക്തമാക്കുമോ;<br><br>(ഡി) യു.എ.പി.എ. പ്രകാരം കേസ് രജിസ്റ്റർ ചെയ്യപ്പെട്ടവർ ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്; | (സി) യും (ഡി) യും യു.എ.പി.എ പ്രകാരം കഴിഞ്ഞ സർക്കാർ 644 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്. ഇതിൽ 124 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ ഒന്നിലധികം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. ചില കേസ്സുകളിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നോ അവർ ആരൊക്കെയാണെന്നോ തിരിച്ചറിയാൻ സാധിക്കാത്തത് കൊണ്ട് അറസ്റ്റു ചെയ്യാൻ സാധിച്ചിട്ടില്ല. മറ്റുള്ളവരെ അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ) ഏത് സാഹചര്യത്തിലും എന്ത് കുറ്റം ചെയ്തതിന്റെ പേരിലുമാണ് ഒരാൾക്കെതിരെ യു.എ.പി.എ ചുമത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ഇ) രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും വിരുദ്ധമായ പ്രവർത്തനങ്ങളെ പ്രതിരോധിക്കുന്നതിനും ഇത്തരം പ്രവർത്തികളിൽ എർപ്പെടുന്ന സംഘടനകൾ/ വ്യക്തികൾ |

എന്നിവർക്കെതിരെയും നിയമനടപടികൾ സ്വീകരിക്കുക എന്നതാണ് യു.എ.പി.എ നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം. ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ ഏർപ്പെടുന്നവർക്കെ തിരെയാണ് പ്രസ്തുത നിയമപ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നത്. വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം എതു നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്.

(എഫ്) യു.എ.പി.എ ശുപാർശ ചെയ്യേണ്ടതാരാണെന്നും അന്തിമ തീരുമാനമെടുക്കേണ്ടതാരാണെന്നും വ്യക്തമാക്കുമോ?

(എഫ്) യു.എ.പി.എ കേസ് രജിസ്റ്റർ ചെയ്യുന്നത് ജില്ലാ പോലീസ് മേധാവിയുടെ മുൻകൂട്ടിയുള്ള അനുമതിയോടെയാണ്.

സെക്ഷൻ ഓഫീസർ